പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 56

23.01.2018 ൽ
മറുപടിക്ക്

**കെ.എ.എസ്സിൽ സംവരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ്. പി | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | പുതുതായി രൂപീകരിച്ച കെ.എ.എസ്സിൽ എൻട്രി കേഡറിലെ തസ്തികകൾ എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; | എ) | എൻട്രി കേഡറിൽ ഉൾപ്പെട്ട തസ്തികകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. |
| ബി) | കെ.എ.എസ്സിനായി രൂപീകരിച്ച സ്പെഷ്യൽ റൂൾസ് ശിപാർശ ചെയ്തിരുന്ന സംവരണരീതി പ്രകാരം സാമുദായിക പ്രാതിനിധ്യവും മെരിറ്റും 50:50 എന്ന അനുപാതം ഉറപ്പാക്കുമോ; വ്യക്തമാക്കുമോ; | ബി) | നേരിട്ടുള്ള നിയമനം വ്യവസ്ഥ ചെയ്യുന്ന സ്ട്രീം 1 ൽ പൊതുസംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കും നിയമനം നടത്തുന്നത്. |
| സി) | കെ.എ.എസ്സിലെ സംവരണം സംബന്ധിച്ച് എന്തെങ്കിലും നിയമോപദേശം സ്വീകരിച്ചിരുന്നുവോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | സി) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പായി നിയമ വകുപ്പും കേരള പബ്ലിക് സർവ്വീസ് കമ്മീഷനും പരിശോധിക്കുകയും ആയതിന് അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) | ഉന്നത തസ്തികകളിലെ സാമുദായിക പ്രാതിനിധ്യം സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ഡി) | ഇല്ല. |
| ഇ) | ഒരിക്കൽ സംവരണത്തിലൂടെ സർക്കാർ ഉദ്യോഗം ലഭിച്ചവർക്ക് രണ്ടാമതും സംവരണം നൽകാൻ പാടില്ലെന്ന് എന്തെങ്കിലും നിയമമോ കോടതിവിധികളോ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് മേശപ്പുറത്ത് വെയ്ക്കുമോ? | ഇ) | നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിലേയ്ക്ക് നിലവിലുള്ള സംവരണതത്വങ്ങൾ പാലിച്ചുകൊണ്ടാണ് നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ